# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 31, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ<br>ഊർജ്ജ വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |

## പ്രാഥമിക സർവ്വീസ് സഹകരണബാങ്കുകളെ ശക്തിപ്പെടുത്താൻ നടപടി

*331 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ വഴി ഭവന നിർമ്മാണ വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുവാൻ എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>ആദിവാസികളുടെ ആനുകൂല്യങ്ങൾ</u>

*332 ശ്രീ. സി. കൃഷ്ണൻ
,, എ. കെ. ബാലൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വനാവകാശ നിയമമനുസരിച്ച് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ആദിവാസികളുടെ കൈവശഭൂമി സർവ്വേ ചെയ്തു കിട്ടാത്തതിനെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

പവര്‍ ഹൗസുകളിലുണ്ടാകുന്ന അപകടങ്ങള്‍

*333 ശ്രീ. കെ. എന്‍. എ. ഖാദര്‍
,, കെ. എം. ഷാജി
,, പി. ബി. അബ്ദുള്‍ റസാക്
,, പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജലവൈദ്യുത പവര്‍ ഹൗസുകളില്‍ ഉണ്ടാകുന്ന പൊട്ടിത്തെറികള്‍ക്കുള്ള കാരണങ്ങള്‍ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരങ്ങള്‍ വെളിപ്പെടുത്തുമോ;

(ബി) പവര്‍ ഹൗസുകളിലെയും, അനുബന്ധ സംവിധാനങ്ങളുടെയും, അറ്റകുറ്റപ്പണികള്‍ക്ക് നിശ്ചയിച്ചിട്ടുള്ള കാലപരിധി സംബന്ധിച്ച് വിശദമാക്കുമോ;

(സി) അപകടങ്ങള്‍ ഒഴിവാക്കാനും ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കാനുമായി പവര്‍ ഹൗസുകള്‍ കേന്ദ്രീകരിച്ച് സമഗ്ര പരിശോധനയും നവീകരണവും നടത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 31.01.2014–ലെ മറുപടിക്ക്

<u>കസ്തൂരിരംഗൻ റിപ്പോർട്ടും ആദിവാസികളും</u>

*334 ശ്രീ. പി. റ്റി. എ. റഹീം
,, പി. ശ്രീരാമകൃഷ്ണൻ
,, എം. ചന്ദ്രൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ ആദിവാസി മേഖലയിൽപ്പെട്ടവർ അഭിമുഖീകരിക്കേണ്ട പ്രതിസന്ധികളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പരമ്പരാഗതമായി പശ്ചിമഘട്ട മേഖലയിൽ അധിവസിക്കുന്ന ആദിവാസികൾക്ക് കസ്തൂരിരംഗൻ ശുപാർശ ഏത് തരത്തിൽ വിഘാതമാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ റിപ്പോർട്ട് നടപ്പായാൽ വനംവകുപ്പ് അധികൃതരിൽ നിന്ന് നേരിടേണ്ടി വരുന്ന കടന്നാക്രമണങ്ങളെക്കുറിച്ച് ആദിവാസികൾക്കുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>പുതിയ ഊർജ്ജ സ്രോതസ്സുകൾ</u>

*335 ശ്രീ. എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വർദ്ധിച്ചു വരുന്ന ഊർജ്ജ ആവശ്യം നേരിടാൻ ലഭ്യമായ വിവിധ സ്രോതസ്സുകളെ സംബന്ധിച്ച സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) ലഭ്യമായ സ്രോതസ്സുകളുടെ എത്ര ശതമാനം നമുക്ക് ഉപയോഗപ്പെടുത്താനായിട്ടുണ്ടെന്നതിന്റെ വിശദാംശം നൽകുമോ;

(സി) ഇനിയും ഉപയോഗപ്പെടുത്താവുന്ന സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന് പദ്ധതികൾ തയാറാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>കൈത്തറി പുനരുദ്ധാരണ സമിതിയുടെ ശുപാർശകൾ</u>

*336 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ വി. ശശി
" ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി കൈത്തറി പുനരുദ്ധാരണ സമിതിയെ നിയോഗിച്ചതെന്നാണ്; ഈ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(ബി) പുനരുദ്ധാരണ സമിതിയുടെ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം; ഈ ശുപാർശകളിൽ ഏതെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ നടപ്പാക്കിയ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>വൈദ്യുതിയുടെ പ്രസരണവിതരണ നഷ്ടം</u>

*337 ശ്രീ. എം.എ. ബേബി
,, കെ.കെ. ജയചന്ദ്രൻ
,, എം. ഹംസ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ പ്രസരണവിതരണനഷ്ടം കുറയ്ക്കുന്ന നടപടിയിൽ വീഴ്ച വന്നതായി സംസ്ഥാന റഗുലേറ്ററി കമ്മീഷൻ വൈദ്യുതിബോർഡിനെ കുറ്റപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസരണവിതരണമേഖലയിലെ പ്രവർത്തനവൈകല്യങ്ങൾ പരിഹരിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) 2012–13 വർഷത്തിലും 2013–14 വർഷത്തിലും പ്രസരണ വിതരണനഷ്ടം കുറയ്ക്കുന്നതിന് വൈദ്യുതി ബോർഡ് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം എന്തായിരുന്നു;

(ഡി) ഇതിൽ 2012–13 വർഷത്തെ നേട്ടം എന്താണ്; 2013–14 വർഷം എന്ത് നേട്ടം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>നിർമ്മിതി കേന്ദ്രത്തിന്റെ പുനരുദ്ധാരണം</u>

*338 ശ്രീ. ജോസഫ് വാഴക്കൻ
'' ബെന്നി ബെഹനാൻ
'' വി. ഡി. സതീശൻ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മിതി കേന്ദ്രം പുനരുദ്ധരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ/ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>സഹകരണ ബാങ്കിംഗ് മേഖലയേയും സേവന മേഖലയേയും ഒരുമിച്ചുകൊണ്ടുപോകുന്നതിനായുള്ള പദ്ധതി</u>

*339 ശ്രീ. ഷാഫി പറമ്പിൽ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് മേഖലയേയും സേവന മേഖലയേയും ഒരുമിച്ചുകൊണ്ടുപോകാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി സഹകരണ നിയമം ഭേദഗതി ചെയ്യുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുവഴി പ്രാദേശിക ബാങ്കിംഗ് മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

ജീവകാരുണ്യ പ്രവര്‍ത്തനങ്ങളില്‍ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തം

*340 ശ്രീ. പി. കെ. ബഷീര്‍
,, കെ. എം. ഷാജി
,, കെ. എന്‍. എ. ഖാദര്‍
,, പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭവിഹിതം ജീവകാരുണ്യ പ്രവര്‍ത്തനങ്ങള്‍ക്ക് നല്‍കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങള്‍ വിശദമാക്കുമോ;

(ബി) സര്‍ക്കാരിന്റെ ജീവകാരുണ്യ പ്രവര്‍ത്തനങ്ങളില്‍ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തം വര്‍ദ്ധിപ്പിക്കാന്‍ ഉതകും വിധമുള്ള പ്രചാരണ പ്രവര്‍ത്തനങ്ങള്‍ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 31.01.2014–ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തതാനുപാതം</u>
<u>റിസര്‍വ്വ് ബാങ്ക് ഉയര്‍ത്തിയ നടപടി</u>

*341 ശ്രീ. എളമരം കരീം
ഡോ. കെ. ടി. ജലീല്‍
ശ്രീ. കെ. കെ. നാരായണന്‍
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സഹകരണബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തതാനുപാതം ഏഴ് ശതമാനമായി ഉയര്‍ത്തിയത് ഈ മേഖലയില്‍ ഏതെല്ലാം തരത്തില്‍ വിഘാതമാകുമെന്ന് സര്‍ക്കാര്‍ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) നിലവിലുള്ള നാല് ശതമാനംതന്നെ പാലിക്കുന്നതിന് ബാങ്കുകള്‍ വളരെയധികം പ്രയാസപ്പെടുകയാണെന്ന കാര്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ;

(സി) റിസര്‍വ്വ്ബാങ്കിന്റെ സഹകരണമേഖലയോടുള്ള ഇത്തരം സമീപനം സഹകരണ മേഖലയുടെ തകര്‍ച്ചയ്ക്ക് കാരണമാവുന്നതും പുതുതായി ലൈസന്‍സ് ലഭിച്ച് തുടങ്ങാന്‍ ഉദ്ദേശിക്കുന്ന കോര്‍പ്പറേറ്റ് ബാങ്കുകള്‍ക്ക് സഹായകരമാകുന്നതിനുമുള്ള നീക്കമാണെന്ന ആക്ഷേപം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ;

(ഡി) റിസര്‍വ്വ് ബാങ്കിന്റെ ഈ ഉത്തരവ് പാലിക്കുന്നതിന് ആവശ്യമായ ധനസഹായം സര്‍ക്കാര്‍ ഓഹരി ആയി നല്കുന്നതിന്
നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വാസയോഗ്യമായ പാർപ്പിടമില്ലാത്ത കുടുംബങ്ങളെ സംബന്ധിച്ച വിവരശേഖരണം</u>

*342 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള വാസയോഗ്യമായ പാർപ്പിടമില്ലാത്ത കുടുംബങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നല്കാമോ ;

(സി) ഈ വിഭാഗക്കാരുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് നിലവിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം വകുപ്പുകൾക്കാണ് ഈ പദ്ധതികളുടെ നടത്തിപ്പ് ചുമതലയുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതികൾ ശരിയായി നടക്കുന്നുണ്ടെന്നും, ഒരു കുടുംബത്തിന് വ്യത്യസ്ത പദ്ധതികളിൽനിന്നുള്ള ആനുകൂല്യം ലഭിക്കുന്നില്ലെന്നും ഉറപ്പുവരുത്താൻ നിലവിൽ പ്രവർത്തിക്കുന്ന സംവിധാനം ഏതാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 31.01.2014–ലെ മറുപടിക്ക്

<u>ആശ്വാസ് 2014 പദ്ധതി</u>

*343 ശ്രീ. എം. എ. വാഹീദ്
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ആശ്വാസ്' 2014 പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി മുഖാന്തിരം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സഹകരണ ബാങ്കുകളിൽ നിന്നും ലോണെടുത്ത പാവപ്പെട്ടവർക്ക് പലിശ ഇളവ് നൽകി സഹായിക്കുവാനും സംഘങ്ങളിലെ വായ്പാകുടിശ്ശിക പിരിച്ചെടുക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ കാലാവധിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>സഹകരണമേഖല ശക്തിപ്പെടുത്താനും വിപുലീകരിക്കാനും പദ്ധതി</u>

*344 ശ്രീ. എസ്. ശർമ്മ
,, ജി. സുധാകരൻ
,, ഇ. പി. ജയരാജൻ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖല ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) കോർപ്പറേറ്റ് മേഖലകളുടെ ചൂഷണത്തിൽനിന്നും സംസ്ഥാനത്തെ ജനങ്ങളെ സംരക്ഷിക്കുന്നതിന് കൂടുതൽ രംഗത്ത് സഹകരണശൃംഖല സ്ഥാപിക്കുന്നതു സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ;

(സി) നിർമ്മാണ–വിപണനമേഖലകളിൽ സഹകരണവകുപ്പിന്റെ ഇടപെടൽ സാദ്ധ്യമാകുന്നതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) കാർഷികമേഖലയിലും വ്യാപാരമേഖലയിലും കൂടുതൽ സഹായകമാകുന്നതിന് സഹകരണമേഖലയെ ഇടപെടുവിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ തയ്യാറാകുമോ;

(ഇ) ഇത്തരത്തിലുള്ള ശ്രമങ്ങൾക്ക് ആർ.ബി.ഐ.യുടെ ഇപ്പോഴത്തെ നിലപാടുകൾ വിഘാതമാകുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

യുവജനങ്ങളിലും വിദ്യാർത്ഥികളിലും മദ്യപാനവും
മയക്കുമരുന്ന് ഉപയോഗവും തടയൽ

*345 ശ്രീ. മോൻസ് ജോസഫ്
'' സി. എഫ്. തോമസ്
'' തോമസ് ഉണ്ണിയാടൻ
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന മദ്യപാനവും മയക്കുമരുന്ന് ഉപയോഗവും തടയുന്നതിന് എന്തെല്ലാം പരിപാടികളാണ് യുവജനക്ഷേമ വകുപ്പ് വഴി നടപ്പാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂൾ കോളേജ് തലങ്ങളിൽ വ്യാപക പ്രചാരണവും ബോധവത്ക്കരണവും നടപ്പാക്കുന്നതിനും മയക്കുമരുന്ന് ശൃംഖല തകർക്കുന്നതിനും എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വായ്പ വിനിയോഗം</u>

*346 ഡോ. ടി.എം.തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണന്‍
,, പി. ശ്രീരാമകൃഷ്ണന്‍
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ കടബാദ്ധ്യത എഴുതിത്തളളണമെന്ന് കേന്ദ്രസര്‍ക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധമായ സര്‍ക്കാരിന്റെ നിലപാട് വെളിപ്പെടുത്താമോ; 13-ാം ധനകാര്യ കമ്മീഷന്‍ ഇക്കാര്യത്തില്‍ മുന്നോട്ടുവെച്ച ശുപാര്‍ശ എന്തായിരുന്നു; വ്യക്തമാക്കാമോ;

(ബി) തന്നാണ്ടില്‍ എന്തെല്ലാം ആവശ്യങ്ങള്‍ക്കുവേണ്ടിയാണ് സര്‍ക്കാര്‍ വായ്പ എടുത്തിട്ടുളളത്; പ്രസ്തുത ആവശ്യങ്ങള്‍ക്ക് തന്നെ അവ വിനിയോഗിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

പട്ടികവര്‍ഗ്ഗ കുടുംബാംഗങ്ങള്‍ക്ക് തിരിച്ചറിയല്‍ കാര്‍ഡ്

*347

ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
,, വി. പി. സജീന്ദ്രന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ കുടുംബാംഗങ്ങള്‍ക്ക് തിരിച്ചറിയല്‍ കാര്‍ഡ് വിതരണം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുകൊണ്ടുള്ള നേട്ടങ്ങള്‍ വിശദമാക്കുമോ;

(സി) തിരിച്ചറിയല്‍ കാര്‍ഡുകൊണ്ട് എന്തെല്ലാം ആനുകൂല്യങ്ങളാണ് പട്ടികവര്‍ഗ്ഗക്കാര്‍ക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

എസ്. ഡി. എഫ്. മാനദണ്ഡങ്ങൾ

*348 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ.മാർക്ക് പ്രത്യേക വികസന നിധി അനുവദിച്ചത് എന്നു മുതൽക്കാണ്; ആയതിനായി ഇതിനകം വകയിരുത്തപ്പെട്ട തുക എത്ര; മാനദണ്ഡങ്ങൾ എന്തായിരുന്നു; മണ്ഡലം ആസ്തി വികസന ഫണ്ടിലേക്ക് ഇതിനകം മാറ്റിവെച്ച തുക എത്ര; ഇവ യഥാസമയം ചിലവഴിക്കപ്പെട്ടിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(ബി) മാനദണ്ഡങ്ങളിൽ 'അനുവദിക്കാൻ പാടില്ല' എന്ന് പദ്ധതിയുടെ തുടക്കം മുതലേ നിഷ്കർഷിച്ചിരുന്ന പ്രവൃത്തികൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ;

(സി) എസ്. ഡി. എഫ് മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ; എപ്പോഴൊക്കെ; കാതലായ മാറ്റം എന്തായിരുന്നു; വിശദമാക്കാമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) ഏറ്റവും അവസാനം എസ്. ഡി. എഫ്. മാനദണ്ഡങ്ങൾ പരിഷ്ക്കരിച്ചതെപ്പോഴാണ്; എന്തായിരുന്നു പരിഷ്ക്കാരം; വിശദമാക്കാമോ;

(ഇ) ഇപ്പോൾ എസ്. ഡി. എഫ് മാനദണ്ഡങ്ങളിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യം എന്തായിരുന്നു; ആരുടെ ശിപാർശ പരിഗണിച്ചാണ് പ്രസ്തുത മാറ്റം വരുത്തിയിട്ടുളളത്; എങ്കിൽ വിശദമാക്കുമോ;

(എഫ്) എസ്. ഡി. എഫ്. മാനദണ്ഡമനുസരിച്ച് ലഭിച്ച സാമാജികരുടെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടിഉണ്ടോ; ഭരണാനുമതിക്കായി മാസങ്ങൾ പിന്നിട്ട നിർദ്ദേശങ്ങൾ ഇപ്പോഴും പരിഗണനയിലിരിക്കുന്നുണ്ടോ; അവശേഷിക്കുന്നവയുടെ കണക്കുകൾ ലഭ്യമാണോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ കടം</u>

*349 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ആകെയുള്ള കടം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടം വർദ്ധനവിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ചെലവുകൾ നിർവ്വഹിക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 31.01.2014–ലെ മറുപടിക്ക്

നദീജല ഗുണനിലവാര മോണിറ്ററിംഗ് സ്റ്റേഷൻ

*350 ശ്രീ; എ. റ്റി. ജോർജ്
,, പി. എ. മാധവൻ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലിനീകരണനിയന്ത്രണബോർഡ് നദീജല ഗുണനില വാരം
നിരീക്ഷിക്കുന്നതിന് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**31.01.2014–ലെ മറുപടിക്ക്**

<u>പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാര്‍ശ</u>

*351 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി
,, എം. ഉമ്മര്‍
,, എന്‍. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കടക്കെണി നേരിടുന്ന സംസ്ഥാനങ്ങളുടെ പട്ടികയില്‍ 13–ാം ധനകാര്യ കമ്മീഷന്‍ കേരള സംസ്ഥാനത്തെ ഉള്‍പ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കില്‍ ഈ പട്ടികയില്‍പ്പെടുന്ന സംസ്ഥാനങ്ങള്‍ക്ക് പ്രത്യേക പാക്കേജ് നല്‍കാനുള്ള 13–ാം ധനകാര്യ കമ്മീഷന്റെ ശുപാര്‍ശ നടപ്പാക്കിക്കിട്ടാന്‍ സംസ്ഥാനം എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാക്കേജിന്റെ കാര്യം പരിഗണിക്കുന്ന 14–ാം ധനകാര്യ കമ്മിഷന്റെ മുമ്പില്‍ സംസ്ഥാന താല്‍പര്യം പരിരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

## കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

വിഴിഞ്ഞം തുറമുഖത്തേയ്ക്കുള്ള റെയിൽവേ ലൈൻ

*352 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖത്തേയ്ക്കുള്ള റെയിൽവേ ലൈൻ നീട്ടുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റെയിൽവേ ലൈൻ നിർമ്മിക്കുന്നതിനുള്ള ചെലവ് എത്രയെന്ന് റെയിൽ വികാസ് നിഗം ലിമിറ്റഡ് നടത്തിയ പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഈ റിപ്പോർട്ട് റെയിൽ മന്ത്രാലയത്തിന് നൽകിയിട്ടുള്ളതായി അറിയാമോ;

(ഡി) പ്രസ്തുത പദ്ധതിക്കാവശ്യമായ പണം സ്വരൂപിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
# 31.01.2014-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളുടെ വാർഷിക ഓഡിറ്റിംഗ് സംബന്ധിച്ച വ്യവസ്ഥകൾ</u>

*353 ശ്രീ. ജി. സുധാകരൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. ദാസൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 97-ാം ഭരണഘടനാ ഭേദഗതിയെത്തുടർന്ന് സഹകരണ സംഘങ്ങളുടെ വാർഷിക ഓഡിറ്റിംഗും സംഘം ജനറൽ ബോഡി അംഗീകരിക്കലും സംബന്ധിച്ച് നിലവിൽവന്ന വ്യവസ്ഥകൾ സംസ്ഥാനത്ത് പാലിക്കപ്പെടുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ 2012-13 സാമ്പത്തിക വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി ആറ് മാസത്തിനിടയിൽ ജനറൽ ബോഡി യോഗം ചേർന്ന് ആഡിറ്റ് റിപ്പോർട്ട് പാസ്സാക്കിയിട്ടില്ലാത്തവയുള്ളതായി സർക്കാരിന് അറിയുമോ;

(സി) എത്ര ശതമാനം സംഘങ്ങൾക്ക് ഇനിയും ഇത് സംബന്ധിച്ച നിയമ വ്യവസ്ഥ പാലിക്കാൻ കഴിഞ്ഞിട്ടില്ലെന്നറിയുമോ; നിയമ ഭേദഗതിയെ തുടർന്ന് ആഡിറ്റ് യഥാസമയം ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തായിരുന്നു. വിശദമാക്കുമോ;

(ഡി) പ്രസ്തുത ഭരണഘടനാ ഭേദഗതി ഏതെങ്കിലും ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>വൈദ്യുതി വിതരണത്തിന് ഭൂഗർഭ കേബിൾ ശൃംഖല</u>

*354 ശ്രീ. പി. ഉബൈദുള്ള
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെട്രോനഗരങ്ങളിൽ ഓവർഹെഡ് വൈദ്യുത വിതരണലൈനുകൾ മാറ്റി അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനമാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ തിരക്കേറിയ നഗരങ്ങളിൽ ഓവർ ഹെഡ് ലൈനുകളും, അവയ്ക്ക് സമാന്തരമായി വൈദ്യുതി പോസ്റ്റുകളിലൂടെയുള്ള നിരവധി കേബിൾ ലൈനുകളുമുണ്ടാക്കാവുന്ന അപകട സാധ്യതകൾ കണക്കിലെടുത്ത് നഗര പ്രദേശങ്ങളിൽ വൈദ്യുതി വിതരണത്തിന് ഭൂഗർഭ കേബിൾ ശൃംഖല സ്ഥാപിക്കുന്നതിനുള്ള സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>വികലാംഗർക്ക് ഭാഗ്യക്കുറി ഏജൻസികൾ</u>

*355 ശ്രീ. ബി. ഡി. ദേവസ്സി
,, പി. കെ. ഗുരുദാസൻ
,, സി. കൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഭാഗ്യക്കുറി ഏജൻസികൾ അനുവദിക്കുന്നത് നിർത്തിവെച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വികലാംഗർക്ക് ലോട്ടറി ഏജൻസി അനുവദിക്കുന്നത് നിലവിൽ നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) വൻകിട ഏജൻസികൾ ഭൂരിഭാഗം ടിക്കറ്റുകളും വാങ്ങുന്നതു മൂലം വികലാംഗർക്കും മറ്റും ടിക്കറ്റ് ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(എഫ്) നിലവിൽ അച്ചടിക്കുന്നതിലും കൂടുതൽ ടിക്കറ്റുകൾ ഓരോ ലോട്ടറിക്കും അച്ചടിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**31.01.2014–ലെ മറുപടിക്ക്**

<u>പദ്ധതി ചെലവുകളും പദ്ധതി ഇതര ചെലവുകളും</u>

*356 ശ്രീ. സി.കെ. നാണു
'' മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 –13 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകൾക്ക് നൽകിയ വിഹിതം ചിലവഴിക്കുന്നതിൽ വീഴ്ച വരുത്തിയ വകുപ്പുകൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) പദ്ധതി ചെലവുകളും പദ്ധതി ഇതര ചെലവുകളും ലക്ഷ്യം കൈവരിക്കാതെ പോയതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**31.01.2014–ലെ മറുപടിക്ക്**

<u>ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം</u>

*357 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, എം. പി. വിൻസെന്റ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനും, ഗസ്റ്റ്ഹൗസുകൾ, റിസോർട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനും, വാഹനങ്ങൾ വാങ്ങുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ധനസഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 31.01.2014–ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളപരിഷ്ക്കരണം</u>

*T.358 ശ്രീ. ചിറ്റയം ഗോപകുമാർ
,, വി.എസ്. സുനിൽ കുമാർ
,, കെ. രാജു
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളപരിഷ്ക്കരണം കേന്ദ്രമാതൃകയിലാക്കണമെന്ന് 14–ാം ധനകാര്യകമ്മീഷനിൽനിന്നും ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശമുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തെ തുടർന്ന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർവ്വീസിലെയും സംസ്ഥാനസർവ്വീസിലെയും ശമ്പളം സംബന്ധിച്ച് താരതമ്യം നടത്തണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ താരതമ്യപഠനത്തിനുള്ള എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് താഴ്ന്ന ശമ്പളവും ഉയർന്ന ശമ്പളവും തമ്മിലുള്ള അനുപാതം എത്രയാണെന്നും കേന്ദ്രസർവ്വീസിൽ പ്രസ്തുത അനുപാതം എത്രയാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ടൈറ്റാനിയം നേരിടുന്ന പ്രതിസന്ധി</u>

*359 ശ്രീ. ബി. സത്യൻ
,, എളമരം കരീം
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടൈറ്റാനിയം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അടിയന്തിരമായി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചില്ലെങ്കിൽ പ്രസ്തുത കമ്പനി അടച്ചുപൂട്ടേണ്ടി വരുമെന്ന് മുന്നറിയിപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) കമ്പനിക്കാവശ്യമായ ഇൽമനൈറ്റ് വാങ്ങിയിരുന്നത് എവിടെ നിന്നായിരുന്നു; ഇത് ഇപ്പോൾ നിർത്തലാക്കി പകരം തമിഴ്നാട്ടിലെ സ്വകാര്യകമ്പനികളിൽ നിന്നും വാങ്ങാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ടൈറ്റാനിയം ഉൽപ്പന്നമായ ടൈറ്റാനിയം ഡൈ ഓക്സൈഡ്, ഇൽമനൈറ്റ് നൽകുന്ന സ്വകാര്യകമ്പനിക്ക് നൽകുന്നതിൽ ടൈറ്റാനിയം നഷ്ടം നേരിടേണ്ടി വരുന്നുണ്ടോ;

(ഇ) എങ്കിൽ നഷ്ടം സഹിച്ച് ടൈറ്റാനിയം ഉൽപ്പന്നങ്ങൾ നൽകുന്നതിനുണ്ടായ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 31.01.2014-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ് ഡോക്ടർ പദ്ധതി</u>

*360 ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി സ്കൂളുകളിൽ ബോധവൽക്കരണം നടത്തുന്നതിന് സ്റ്റുഡന്റ് ഡോക്ടർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) എന്ന് മുതലാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.

2014 ജനുവരി 22.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

[ചട്ടം 47(1)].